**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6311** **20-03-2023 - ൽ മറുപടിയ്ക്ക്**

**പുനലൂർ നിയോജക മണ്ഡലത്തിലെ പ്ലസ് ടു പഠനം പൂർത്തിയാക്കിയവർക്ക് ഇ-ഗ്രാന്റ്സ് വഴി സ്കോളർഷിപ്പ് വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പുനലൂർ നിയോജകമണ്ഡലത്തിലെ വിവിധ ഹയർ സെക്കൻഡറി സ്കൂളുകളിൽ നിന്നും 2020-22 കാലഘട്ടത്തിൽ പ്ലസ് ടു പഠനം പൂർത്തിയാക്കിയ അർഹരായ മുഴുവൻ വിദ്യാർഥികൾക്കും ഇ-ഗ്രാന്റ്സ് വഴി സ്കോളർഷിപ്പ് വിഹിതം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് ഇ-ഗ്രാന്റ്സ് സൈറ്റ് വഴിയാണ് അനുവദിച്ച് വരുന്നത്. ജില്ല തിരിച്ചുള്ള കണക്കുകളാണ് ഇ-ഗ്രാന്റ്സ് പോർട്ടലിൽ ലഭിക്കുന്നത്. നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ ഇ-ഗ്രാന്റ്സ് പോർട്ടലിൽ നിലവിൽ ലഭ്യമല്ല. നിയോജകമണ്ഡലാടിസ്ഥാലത്തിൽ കണക്കുകൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.<br><br>കൊല്ലം ജില്ലയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 13537 വിദ്യാർത്ഥികളിൽ 13536 വിദ്യാർത്ഥികളുടെയും അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. പുനലൂർ നിയോജകമണ്ഡലത്തിലെ 56 പട്ടികവർഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയോജക മണ്ഡലത്തിൽ സ്കോളർഷിപ്പ് വിഹിതം ഇനിയും ലഭിക്കാത്ത എത്ര കുട്ടികൾ ഉണ്ടെന്ന് അറിയിക്കുമോ; ആയതിന്റെ കാരണം വിശദമാക്കാമോ; | (ബി) | വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് ഇ-ഗ്രാന്റ്സ് സൈറ്റ് വഴിയാണ് അനുവദിച്ച് വരുന്നത്. ജില്ല തിരിച്ചുള്ള കണക്കുകളാണ് ഇ-ഗ്രാന്റ്സ് പോർട്ടലിൽ ലഭിക്കുന്നത്. നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ ഇ-ഗ്രാന്റ്സ് പോർട്ടലിൽ നിലവിൽ ലഭ്യമല്ല. നിയോജകമണ്ഡലാടിസ്ഥാലത്തിൽ കണക്കുകൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.<br><br>കൊല്ലം ജില്ലയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 13537 വിദ്യാർത്ഥികളിൽ 13536 വിദ്യാർത്ഥികളുടെയും അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. പുനലൂർ നിയോജകമണ്ഡലത്തിലെ 56 പട്ടികവർഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് അനുവദിച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സ്കോളർഷിപ്പ് ലഭിക്കാത്തവർക്കും സാങ്കേതിക കാരണങ്ങളാൽ അപേക്ഷ നിരസിക്കപ്പെട്ടവർക്കും പ്രസ്തുത സ്കോളർഷിപ്പ് അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (സി) | സ്കോളർഷിപ്പ് അപേക്ഷ ലഭ്യമാക്കിയിട്ടില്ലാത്തവർക്ക് അപേക്ഷ ലഭ്യമാക്കുന്നമുറയ്ക്കും, അപേക്ഷ നിരസിക്കപ്പെട്ടവർ ന്യൂനത പരിഹരിച്ച് അപേക്ഷ യഥാസമയം സമർപ്പിക്കുന്ന മുറയ്ക്കും സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ